ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.04.2025**

## പ്രധാനവാർത്തകൾ

1. ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് വിട നൽകി ലോകം, വത്തിക്കാനിൽ നടന്ന സംസ്കാര ചടങ്ങിന് സാക്ഷിയായി രാഷ്ട്രപതി ദ്രൗപദി മുർമ്മുവും വിവിധ ലോക നേതാക്കളുമുൾപ്പടെ രണ്ടര ലക്ഷത്തിലധികം പേർ .
2. 15-ാമത് റോസ്ഗർ മേളയിൽ രാജ്യത്തെ 51,000 ലധികം യുവാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നിയമന പത്രം വിതരണം ചെയ്തു.
3. സുരക്ഷാ സേനയുടെ നീക്കങ്ങളുടെയും തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങളുടെയും തത്സമയ ദൃശ്യങ്ങൾ സംപ്രേക്ഷണം ചെയ്യുന്നതിൽ നിന്നും എല്ലാ മാധ്യമങ്ങളും വിട്ടു നിൽക്കണമെന്ന് കേന്ദ്രം, വ്യോമാതിർത്തി നിയന്ത്രണം സംബന്ധിച്ച് യാത്രക്കാർക്ക് മുന്നറിയിപ്പ് നൽകാൻ വിമാനക്കമ്പനികൾക്കും നിർദ്ദേശം.
4. വിഴിഞ്ഞം തുറമുഖത്തിൻറെ കമ്മീഷനിംഗിന് മുന്നോടിയായി പുരോഗതി വിലയിരുത്തി മുഖ്യമന്ത്രി പിണറായി വിജയൻ.
5. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ.
6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പഞ്ചാബ് കിംഗ്സിനെ നേരിടും.

RNU TVPM

**************************

## ഫ്രാൻസിസ് -മാർപ്പാപ്പ

ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് വിട നൽകി ലോകം. ആഗോള റോമൻ കത്തോലിക്കാ സഭയുടെ തലവന് റോമിലെ സാന്താ മരിയ മജോറെയിൽ അന്ത്യ നിദ്ര. രാഷ്ട്രപതി ദ്രൗപദി മുർമു ഉൾപ്പെടെ വിവിധ ലോക നേതാക്കൾ, വിശിഷ്ട വ്യക്തികൾ, ആയിരക്കണക്കിന് വിശ്വാസികൾ എന്നിവരുടെ സാന്നിധ്യത്തിൽ വത്തിക്കാനിൽ ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാര ചടങ്ങുകൾ നടന്നു. സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ വിപുലമായ ആചാരാനുഷ്ഠാനങ്ങളോടെയായിരുന്നു സംസ്കാര ചടങ്ങുകൾ. . കേന്ദ്രമന്ത്രിമാരായ കിരൺ റിജിജു, ജോർജ്ജ് കുര്യൻ തുടങ്ങിയവരും കേരളത്തെ പ്രതിനിധീകരിച്ച് മന്ത്രി റോഷി അഗസ്റ്റിനും പങ്കെടുത്തു. രണ്ട് ലക്ഷത്തി 50,000-ത്തിലധികം പേരാണ് സംസ്കാര ചടങ്ങിൽ ഒത്തു കൂടിയത്.

***************************

## പ്രധാനമന്ത്രി -റോസ്ഗർ മേള

രാഷ്ട്രനിർമ്മാണത്തിലും വികസനത്തിലും യുവാക്കൾക്ക് വലിയ പങ്കാണുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.15-ാമത് ദേശീയ തല റോസ്ഗർ മേളയിൽ വീഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുക, ആഭ്യന്തര സുരക്ഷ, ആധുനിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, തൊഴിലാളികളുടെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുക എന്നിവ സർക്കാർ ജോലിയിൽ പ്രവേശിക്കുന്ന യുവതീ യുവാക്കളുടെ വലിയ ഉത്തരവാദിത്തമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. 51000 പേർക്കാണ് ഇന്ന് നിയമന പത്രം വിതരണം ചെയ്തത്.

***************************

## റോസ്ഗർ മേള-കമലേഷ് പാസ്വാൻ

രാഷ്ട്രനിർമ്മാണത്തിനായി പ്രവർത്തിക്കാനുള്ള വലിയ ഉത്തരവാദിത്തമായി സർക്കാർ ജോലിയെ യുവാക്കൾ കാണണമെന്ന് കേന്ദ്ര സഹമന്ത്രി കമലേഷ് പാസ്വാൻ.

RNU TVPM

തിരുവനന്തപുരത്ത് ആദായനികുതി വകുപ്പ് സംഘടിപ്പിച്ച 15ാമത് റോസ്ഗർ മേളയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നിയമന ഉത്തരവ് ലഭിച്ച യുവാക്കൾ സർക്കാർ ഘടനയുടെ ഭാഗമാകുകയാണെന്നും, വികസിത ഭാരതത്തിലേക്ക് നീങ്ങുന്ന രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ അവർക്ക് നിർണായകമായ പങ്കുണ്ടെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

വിവിധ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലേക്കായി 170 ഓളം ഉദ്യോഗാർത്ഥികൾക്കാണ് തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ നിയമന ഉത്തരവുകൾ നൽകിയത്.

***************************

## റോസ്ഗർ മേള-സുരേഷ്ഗോപി

സർക്കാർ ജോലിയിൽ പ്രവേശിക്കുന്ന യുവാക്കൾ രാജ്യത്തിന്റെ പുരോഗതിക്കും വികസനത്തിനും അർത്ഥവത്തായ സംഭാവന നൽകണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ആദായ നികുതി വകുപ്പ് കൊച്ചിയിൽ സംഘടിപ്പിച്ച റോസ്ഗർ മേളയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. തുടർച്ചയായ പഠനത്തിലൂടെയും നൈപുണ്യ വികസന സംരംഭങ്ങളിലൂടെയും രാജ്യത്തെ തൊഴിൽ ശക്തിയെ ശാക്തീകരിക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. കൊച്ചിയിൽ നടന്ന ചടങ്ങിൽ 169 പേർക്ക് നിയമന ഉത്തരവുകൾ കൈമാറി.

***************************

## മന്ത്രാലയം നിർദ്ദേശം-മാധ്യമം

ദേശീയ സുരക്ഷയുടെ താൽപ്പര്യാർത്ഥം, തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങൾ,സുരക്ഷാ സേനയുടെ നീക്കങ്ങൾ തുടങ്ങിയവയുടെ തത്സമയ ദൃശ്യങ്ങൾ സംപ്രേക്ഷണം ചെയ്യുന്നതിൽ നിന്നും എല്ലാ മാധ്യമങ്ങളും വാർത്താ ഏജൻസികളും സമൂഹമാധ്യമ ഉപയോക്താക്കളും വിട്ടു നിൽക്കണമെന്ന് കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയം.

വിശദാംശങ്ങളിലേക്ക്…………………

RNI TVPM

(വോയ്സ്)

*പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തന്ത്രപ്രധാന വിവരങ്ങൾ മുൻകൂട്ടി വെളിപ്പെടുത്തുന്നത് എതിരാളികളെ സഹായിക്കുമെന്നും, സൈനികരുടെ സുരക്ഷയ്ക്ക് ഇത് പ്രതിസന്ധി സൃഷ്ടിക്കാൻ ഇടയുണ്ടെന്നും കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയം. പ്രസ്താവനയിൽ അറിയിച്ചു. നിയന്ത്രണ രഹിതമായ മാധ്യമ റിപ്പോർട്ടിങ് കാർഗിൽ യുദ്ധം,മുംബൈ ഭീകര ആക്രമണം ,കാണ്ഡഹാർ തട്ടിക്കൊണ്ടുപോകൽ എന്നിവയെ പ്രതികൂലമായി ബാധിച്ചതായും പ്രസ്താവനയിൽ പറയുന്നു. പ്രതിരോധ, സുരക്ഷാ പ്രവർത്തനം അവസാനിക്കുന്നതുവരെ സർക്കാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ നൽകുന്ന വിശദാംശങ്ങളിലേക്ക് ദൃശ്യ മാധ്യമ റിപ്പോർട്ടിംഗ് പരിമിതപ്പെടുത്തണം. പ്രതിരോധ, സുരക്ഷാ സംബന്ധിയായ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ പരമാവധി ഉത്തരവാദിത്തം നിർവഹിക്കാനും നിലവിലുള്ള കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക്സ് (ഭേദഗതി) നിയമം, 2021 ലെ വ്യവസ്ഥകൾ കർശനമായി പാലിക്കാനും നിർദ്ദേശം നൽകി.*

RNUTVPM

***************************

<u>വിമാനക്കമ്പനി നിർദ്ദേശം</u>

വ്യോമാതിർത്തി നിയന്ത്രണത്തിന്റെ പശ്ചാത്തലത്തിൽ യാത്രക്കാരുടെ സൗകര്യാർത്ഥം, ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്രസർക്കാർ വിമാനക്കമ്പനികൾക്ക് നിർദ്ദേശം നൽകി. വ്യോമ പാതയിലെ മാറ്റങ്ങൾ, യാത്രാ സമയം, യാത്രയ്ക്കിടെയുള്ള സാങ്കേതിക തടസ്സങ്ങൾ എന്നിവ സംബന്ധിച്ച് മുൻകൂട്ടി അറിയിപ്പ് നൽകണം. ഏതെങ്കിലും സാങ്കേതിക സ്റ്റോപ്പ് ഓവറുകൾ ഉൾപ്പെടെ, യഥാർത്ഥ യാത്രാ സമയം അടിസ്ഥാനമാക്കി ഭക്ഷണ വിതരണം പരിഷ്ക്കരിക്കാനും വിമാനക്കമ്പനികളോട് ആവശ്യപ്പെട്ടിട്ടുണ്ട്

***************************

## മുഖ്യമന്ത്രി - വിഴിഞ്ഞം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ അതിവേഗം പൂർത്തിയാകുന്നു. അടുത്ത മാസം രണ്ടിന് പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് തുറമുഖം രാജ്യത്തിന് സമർപ്പിക്കുന്നത്.കമ്മീഷൻ ചെയ്യുന്നതിൻറെ മുന്നൊരുക്കങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ വിഴിഞ്ഞത്ത് നേരിട്ടെത്തി വിലയിരുത്തുകയാണ്.

***************************

## കേരള പത്രപ്രവർത്തക യൂണിയൻ-ഗവർണർ

സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ചേർത്തുള്ള ബോധവത്കരണവും മൂർത്തമായ നടപടികളും അടങ്ങുന്ന സമഗ്ര പദ്ധതിയിലൂടെ മാത്രമേ ലഹരിമരുന്നെന്ന മാരക വിപത്തിനെ ചെറുക്കാനാകൂ എന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. ലഹരി വിപത്തിനെതിരെ കേരള പത്രപ്രവർത്തക യൂണിയൻ നിർമിത ബുദ്ധിയുടെ സഹായത്തോടെ നടപ്പാക്കുന്ന ബ്രേക്കിംഗ് ഡി കാമ്പയിനിൻ്റെ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യുവാക്കളെയും വിദ്യാർഥികളെയും രക്ഷിതാക്കളെയും കേന്ദ്രീകരിച്ചുള്ള ബോധവത്കരണം കൂടുതൽ ഊർജിതമാക്കണമെന്നും ഗവർണർ പറഞ്ഞു.

***************************

## ആകാശവാണി -അറിയിപ്പ്

ആകാശവാണിയിൽ രാവിലെ 6.45 നും വൈകുന്നേരം 6.30 നും പ്രക്ഷേപണം ചെയ്യുന്ന മലയാളം പ്രാദേശിക വാർത്തകൾ നാളെ മുതൽ Vividh Bharati അനന്തപുരി എഫ് എം ലും ഇതേ സമയം ലഭ്യമാകും.

***************************

RNU TVPM

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

***************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത് നാളെ രാവിലെ 11 ന്. പരിപാടിയുടെ 121-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷകളിൽ 'മൻ കീ ബാത്' കേൾക്കാം.

***************************

## ജാഗ്രത നിർദേശം

ഇന്ന് മുതൽ ഈ മാസം 28 വരെ കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ശക്തമായ കാറ്റിനും, മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഇന്ന് കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് നിർദേശമുണ്ട് . കർണാടക തീരത്ത് മത്സ്യബന്ധനത്തിന് തടസ്സമില്ല.

***************************

## മലമ്പനി(ഇൻട്രോ)

കണ്ണൂർ ജില്ലയിൽ മലമ്പനിക്കെതിരയുള്ള നടപടികൾ ശക്തമാക്കി.2027 അവസാനത്തോടെ മലമ്പനി നിവാരണ ജില്ലയാക്കാനുള്ള പ്രവർത്തനമാണ് പുരോഗമിക്കുന്നത്. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

(വോയ്സ്)

***************************

RNU TVPM

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പഞ്ചാബ് കിംഗ്സിനെ നേരിടും. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ രാത്രി 7:30 ന് മത്സരം ആരംഭിക്കും.

***************************

## എം ജി എസ് നാരായണൻ

അന്തരിച്ച ചരിത്രകാരനും ഐസിഎച്ച്ആർ മുൻ ചെയർമാനുമായ MGS നാരായണന് ചരിത്ര നഗരത്തിൻ്റെ യാത്രാമൊഴി. ഭൗതികദേഹം ഔദ്യോഗിക ബഹുമതിയോടെ മാവൂർ റോഡ് സ്മൃതി പഥത്തിൽ സംസ്കരിച്ചു. മന്ത്രി A K ശശീന്ദ്രൻ, മേയർ ബീനാ ഫിലിപ്പ്, തോട്ടത്തിൽ രവീന്ദ്രൻ MLA തുടങ്ങിയവർ സംസ്ക്കാര ചടങ്ങിൽ സംബന്ധിച്ചു.

***************************

## രഞ്ജിനി സംഗീത സഭ

രഞ്ജിനി സംഗീത സഭയുടെ സുവർണ ജൂബിലി ആഘോഷം മന്ത്രി വി എൻ വാസവൻ നാളെ വൈകുന്നേരം കോട്ടയം ചിൽഡ്രൻസ് ലൈബ്രറി ഹാളിൽ നിർവഹിക്കും. ശ്രീമതി കമലാ ദീപ്തി അവതരിപ്പിക്കുന്ന സംഗീത സദസ്സും തുടർന്ന് നടക്കും.

***************************

## MDMA യും കഞ്ചാവും പിടികൂടി

കാസർഗോഡ് ഹൊസ്ദുർഗ് പോലീസ് സ്റ്റേഷൻ പരിധിയിലെ രണ്ട് വീടുകളിൽ നിന്ന് MDMA യും കഞ്ചാവും പിടി കൂടി. കാഞ്ഞങ്ങാട് മുറിയനാവിയിലെ ഷാജഹാൻ അബൂബക്കർ ,അജാനൂർ കടപ്പുറത്തെ നൗഷാദ് എന്നിവരുടെ വീടുകളിൽ നിന്നാണ് ലഹരി വസ്തുക്കൾ കണ്ടെടുത്തത്.

***************************

RNU TVPM

## സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്- രജിസ്ട്രേഷൻ

കേരളത്തിൽ ഹയർ സെക്കണ്ടറി, നോൺ വൊക്കേഷണൽ ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനത്തിനുള്ള സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിന് www.lbscentre.kerala.gov.in -ൽ ഓൺലൈനായി മറ്റന്നാൾ മുതൽ രജിസ്റ്റർ ചെയ്യാം.

***************************

## രാജീവ് ചന്ദ്രശേഖർ

ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പങ്കെടുക്കുന്ന കോഴിക്കോട് സിറ്റി ജില്ല വികസിത കേരളം കൺവെൻഷനും ജില്ലാ നേതൃയോഗവും നാളെ നടക്കും.

***************************

## വയനാട് ഡി സി സി ട്രഷറർ-അന്വേഷണം

വയനാട് ഡി സി സി ട്രഷറർ ആയിരുന്ന എൻ എം വിജയന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് അന്വേഷണ സംഘം കെപിസിസി അധ്യക്ഷൻ കെ സുധാകരന്റെ മൊഴിയെടുത്തു. കണ്ണൂർ നടാലിലെ വീട്ടിലെത്തിയാണ് ബത്തേരി ഡിവൈഎസ്പിയും സംഘവും മൊഴി എടുത്തത്. സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ടാണ് അന്വേഷണം നടക്കുന്നത്.

RNU TVPM

***************************

## മന്ത്രി ആർ ബിന്ദു

സമൂഹത്തിലെ സാധാരണക്കാരെ സഹായിക്കാനുള്ള അവസരമാണ് സിവിൽ സർവീസിലൂടെ ലഭിക്കുന്നതെന്ന് മന്ത്രി ആർ ബിന്ദു . സംസ്ഥാന സിവിൽ സർവീസ് അക്കാദമിയിൽ പഠിച്ച് പരീക്ഷയിൽ ഉന്നത വിജയം നേടിയവരുമായി ആശയവിനിമയം നടത്തുകയായിരുന്നു മന്ത്രി. വലിയ ഉത്തരവാദിത്തമാണ് റാങ്ക് ജേതാക്കളുടെ മുന്നിലുള്ളതെന്നും ഉദ്യോഗസ്ഥർ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവരാകണമെന്നും മന്ത്രി പറഞ്ഞു.

***************************

**********

******